"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - 2015 കാലഘട്ടത്തിൽ നോർത്ത് പറവൂർ നഗരസഭയിൽ പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് വ്യാവസായിക പാർക്ക് സ്ഥാപിക്കുന്നതിന് സ്ഥലം വാങ്ങിയതിൽ അഴിമതിയും ക്രമക്കേടും നടത്തിയതു സംബന്ധിച്ച് റജിസ്റ്റർ ചെയ്ത വി.സി.02/2018/ഇ.കെ.എം. നമ്പർ കേസിലെ കുറ്റാരോപിതർ 08 മുതൽ 11 വരെയുള്ളവർക്കെതിരെ PC Act 1988 Section 19 പ്രകാരം പ്രോസിക്യൂട്ട് ചെയ്യുന്നതിൽ അനുമതി നൽകി ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1709/2025/LSGD തീയതി,തിരുവനന്തപുരം, 10-07-2025

---

പരാമർശം:- 1. കേരള കോൺഗ്രസ് (എം) നിയോജക മണ്ഡലം പ്രസിഡന്റ് ശ്രീ. ടോബി മാമ്പിള്ളി ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച നിവേദനം.

2. വിജിലൻസ് (എഫ്) വകുപ്പിന്റെ 27.12.2023-തീയതിയിലെ വിജി-എഫ്1/294/2023/വിജി നമ്പർ കത്ത്.

**ഉത്തരവ്**

2015-ൽ നോർത്ത് പറവൂർ മുൻസിപ്പാലിറ്റി അംഗങ്ങളായിരുന്നവർക്കെതിരെയുള്ള വിജിലൻസ് കേസ് വി.സി.02/2018/ഇ.കെ.എം ൽ വിചാരണാനുമതി ലഭ്യമാക്കണമെന്നഭ്യർത്ഥിച്ച് കേരള കോൺഗ്രസ് (എം) നിയോജക മണ്ഡലം പ്രസിഡന്റ് ശ്രീ. ടോബി മാമ്പിള്ളി പരാമർശം - 1 പ്രകാരം നിവേദനം സമർപ്പിച്ചിരുന്നു.

2) എസ്.സി/എസ്.റ്റി. വിഭാഗത്തിന് ഇൻഡസ്ട്രിയൽ പാർക്ക് നിർമ്മിക്കുന്നതിലേക്കായി വസ്തു വാങ്ങിയതിൽ ക്രമക്കേടു നടത്തിയതുമായി ബന്ധപ്പെട്ട് ശ്രീ. ജേക്കബ് ജോർജ്ജ് എന്നയാൾ സമർപ്പിച്ച സി.എം.പി.888/2016 പ്രകാരം ക്യൂവി.03/2016/ഇ.കെ.എം. നമ്പരായി ഒരു സത്വരാന്വേഷണം നടത്തുകയും ടി അന്വേഷണ റിപ്പോർട്ടിലെ 12 പ്രതികളിൽ 11 -ാം പ്രതിയെ

ഒഴിവാക്കി മറ്റുള്ളവർക്കെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിക്കണമെന്ന് 26/07/2018 തീയതിയിൽ ബഹു. മൂവാറ്റുപുഴ വിജിലൻസ് കോടതി ഉത്തരവിടുകയും അതിൻ പ്രകാരം 08/08/2018 തീയതിയിൽ വി.സി.02/2018/ഇ.കെ.എം. നമ്പരായി കേസ് രജിസ്റ്റർ ചെയ്യുകയുമുണ്ടായി. എന്നാൽ ഇത്തരം കേസുകളുടെ തുടരന്വേഷണത്തിന് PC Act 1988 Section 19 പ്രകാരമുള്ള അനുമതി ആവശ്യമായതിനാൽ പ്രസ്തുത കേസിലെ കുറ്റാരോപിതർക്കെതിരെ PC Act 1988 Section 19 പ്രകാരമുള്ള അനുമതി നൽകുന്നതിന് വിജിലൻസ് വകുപ്പ് പരാമർശം - 2 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന പട്ടികയിലെ കുറ്റാരോപിതർ 08 മുതൽ 11 വരെയുള്ളവർക്കെതിരെ PC Act 1988 Section 19 പ്രകാരം പ്രോസിക്യൂട്ട് ചെയ്യുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| കുറ്റാരോപിതർ | പേരും വിലാസവും | അപ്പോഴത്തെ ഔദ്യോഗിക വിലാസം | ഇപ്പോഴത്തെ ഔദ്യോഗിക വിലാസം | PEN, വിരമിക്കൽ തീയതി |
|---|---|---|---|---|
| 08 | വൽസല പ്രസന്നകുമാർ, W/o Dr. പ്രസന്നകുമാർ, പഞ്ചവല്ലിൽ ഹൗസ്, കത്യാർപാടം റോഡ്, വടക്കൻ പറവൂർ | ചെയർപേഴ്സൺ, വടക്കൻ പറവൂർ മുനിസിപ്പാലിറ്റി. | ഇപ്പോൾ സ്വകാര്യ വ്യക്തി | ബാധകമല്ല |
| 09 | പ്രദീപ് തോപ്പിൽ, തോപ്പിൽ ഹൗസ്, കച്ചേരിപ്പടി, വടക്കൻ പറവൂർ | കൗൺസിലർ, വടക്കൻ പറവൂർ മുനിസിപ്പാലിറ്റി. | ഇപ്പോൾ സ്വകാര്യ വ്യക്തി | ബാധകമല്ല |
| 10 | സോമൻ മാധവൻ, കരിക്കാശ്ശേരി ഹൗസ്, മേക്കാട്ടുപറമ്പ്, തോന്ന്യകാവ്, വടക്കൻ പറവൂർ | കൗൺസിലർ, വടക്കൻ പറവൂർ മുനിസിപ്പാലിറ്റി. | ഇപ്പോൾ സ്വകാര്യ വ്യക്തി | ബാധകമല്ല |

| | | | | |
|---|---|---|---|---|
| 11 | രമേഷ് ഡി. കറുപ്പ്, S/o ദാമോദരക്കുറുപ്പ്, കര്യാത്ത് ഹൗസ്, വടക്കൻ പറവൂർ. | കൗൺസിലർ, വടക്കൻ പറവൂർ മുനിസിപ്പാലിറ്റി. | ഇപ്പോൾ സ്വകാര്യ വ്യക്തി | ബാധകമല്ല |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MUHAMMED NAJEEB T A

ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ടോബി മാമ്പിള്ളി, കേരള കോൺഗ്രസ് (എം) നിയോജക മണ്ഡലം പ്രസിഡന്റ്, മാമ്പിള്ളി ഹൗസ്, കോൺവെന്റ് റോഡ്, വടക്കൻ പറവൂർ.

ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ.

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

പോലീസ് സൂപ്രണ്ട്, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, എറണാകുളം.

ഓഫീസ് ഓഫ് ദി ലീഗൽ അഡ്വൈസർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, എറണാകുളം.

വിജിലൻസ് (എഫ്) വകുപ്പ്.

തദ്ദേശ സ്വയംഭരണ (എ.എ) വകുപ്പ്

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ [LSGD-EM2/10/2023-LSGD].

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K A
സെക്ഷൻ ഓഫീസർ
Date: 10-07-2025 16:38:27

പകർപ്പ് : ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്. ന്.

സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്.